"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ട്രിഡ - പട്ടം - മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട വിവിധ കേസുകളിൽ, പൊന്നുംവില സെക്ഷൻ 28 എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അവാർഡ് പാസ്സാക്കിയതും ടി വിധിയിന്മേൽ അപ്പീലിന് സ്കോപ്പ് ഇല്ലെന്ന് നിയമോപദേശം കിട്ടിയിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ കേസുകളിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുക അനുവദിക്കുന്നതിന് 5,17,21,299/- രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.734/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 04/04/2020

---

പരാമർശം:- ട്രിഡ സെക്രട്ടറിയുടെ 15.05.2019 ലെ എസ്1/1802/2003/ട്രിഡ നമ്പർ കത്ത്

**ഉത്തരവ്**

തലസ്ഥാന റോഡു വികസന പദ്ധതിയുമായി (CRDP) ബന്ധപ്പെട്ട പട്ടം-മെഡിക്കൽ കോളേജ് -ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട റോഡ് വികസന പ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് വിവിധ LAR കേസുകളിലായി വിവിധ കക്ഷികൾക്ക് താഴെപ്പറയുന്ന രീതിയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ അവാർഡ് പാസാക്കിയിട്ടുള്ള തുക അടിയന്തരമായി അനുവദിച്ച നൽകണമെന്ന് ട്രിഡ സെക്രട്ടറി പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

| ക്രമ നം . | കക്ഷിയുടെ പേര് &<br>എൽ.എ.ആർ. ജഡ്ജ്മെന്റ് | ഏറ്റെടുത്ത സ്ഥലത്തിന്റെ അളവ് | ജില്ലാ കളക്ടറുടെ നടപടി ക്രമം നം & അവാർഡ് പാസ്സാക്കിയ തുക |
|---|---|---|---|
| 1 | ശ്രീ. കെ. പ്രസന്നകുമാരൻ<br>Judgment dated 18/11/2015 in LAR No.136/2013 of Sub Court Tvm. | 0.04ആർ | K.16.95180/16 dtd. 31/01/2019<br>₹ 3,36,879/- |
| 2 | ശ്രീ.എ.ആർ. ഷജീൽ<br>Judgment dated 7/6/2014 in LAR No.421/2009 of Sub Court Tvm. | 0.38ആർ | K.16.40300/15 dtd. 31/01/2019<br>₹ 35,36,068/- |

| | | | |
|---|---|---|---|
| 3 | ശ്രീ.ഡോ. ഗബ്രിയേൽ മാർ ഗ്രിഗോയിസ് MOSC ഹോളി ട്രിനിറ്റി ചാപ്പൽ<br><br>Judgment dated 20/12/2014 in LAR No.735/2009 of Sub Court Tvm. | 1.15 ആർ | K.16. 26632/15 dtd. 31/1/2019<br><br>₹ 1,07,26,240/- |
| 4 | ശ്രീ.ഐപ്പ് ജോസഫ്<br><br>Judgment dated 20/12/2014 in LAR No.735/2009 of Sub Court Tvm. | 0.40 ആർ | K16. 26660/15 dtd. 31/01/2019<br><br>₹ 57,82,842/- |
| 5 | ശ്രീമതി റെബേക്ക തോമസ് & ശ്രീ.ബിജു.പി.തോമസ്<br><br>Judgment dated 20/12/2014 in LAR No.735/2009 of Sub Court Tvm. | 1.03 ആർ | K.16.26661/15 dtd. 31/01/2019<br><br>₹ 96,06,978/- |
| 6 | ശ്രീമതി എലിസബത്ത് ഐപ്പ്<br><br>Judgment dated 20/12/2014 in LAR No.735/2009 of Sub Court Tvm. | 2.33 ആർ | K.16.26624/15 dtd. 31/01/2019<br><br>₹ 2,17,32,292/- |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പട്ടം മെഡിക്കൽ കോളേജ് - ഉള്ളൂർ - കൊച്ചുള്ളൂർ റോഡ് വികസനവുമായി ബന്ധപ്പെട്ട വിവിധ കേസുകളിൽ, പൊന്നുംവില സെക്ഷൻ 28 എ പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ അവാർഡ് പാസ്സാക്കിയതും ടി വിധിയിന്മേൽ അപ്പീലിന് സ്കോപ്പ് ഇല്ലെന്ന് നിയമോപദേശം കിട്ടിയിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമായ മേൽ പട്ടികപ്പെടുത്തിയിരിക്കുന്ന കേസുകളിലെ വിധിക്കനുസൃതമായി തുക അനുവദിക്കുന്നതിനായി ആകെ 5,17,21,299/- (അഞ്ച് കോടി പതിനേഴ് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത്) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനകുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ